*‘CORRUPTION, A CRIME AGAINST NATION’*


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ:** vig.vacb@kerala.gov.in
**ഫോൺ:** 0471-2305393
**തീയതി:** 03.12.2022


# സംസ്ഥാന ഇ-ഗവേണൻസ് പുരസ്കാരത്തിന് വിജിലൻസ് അർഹമായി.

പൊതുജന സേവന രംഗത്ത് ഇ-ഗവേണൻസ് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ 2018 ലെ മികച്ച വെബ് സൈറ്റ് വിഭാഗത്തിനാണ് വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോ അർഹമായത്. ഇന്ന് ( 03.12.2022) തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടന്ന ചടങ്ങിൽ ബഹു. സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. സംസ്ഥാന തൊഴിൽ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി എന്നിവർ 2018,2019,2020, എന്നീ വർഷങ്ങളിലെ ഇ-ഗവേണൻസ് വിഭാഗത്തിലെ അവാർഡുകൾ വിതരണം ചെയ്തു. 2018 ലെ ഇ-ഗവേണൻസ് വിഭാഗത്തിനുള്ള മൂന്നാം സ്ഥാനത്തിനാണ് സംസ്ഥാന വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോ അർഹമായത്. ചടങ്ങിൽ വിജിലൻസിന് വേണ്ടി ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പിഎസ് , ഇൻസ്പെക്ടർ ജനറൽ ശ്രീ. എച്ച്. വെങ്കടേഷ് ഐ.പിഎസ്, ഇന്റലിജൻസ്

വിഭാഗം പോലിസ് സൂപ്രണ്ട് ശ്രീ. ഇ.എസ് ബിജുമോൻ എന്നിവർ പങ്കെടുത്തു.

വിജിലൻസിന് ലഭിച്ച ഈ പുരസ്കാരം വിജിലൻസിൽ ഇ-ഗവേണൻസ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പ്രചോദനം ആകുമെന്നും വിജിലൻസിന്റെ വെബ് സൈറ്റിനെ കൂടുതൽ ബഹുജന സൌഹൃദമാക്കുന്നതിനും, വിജിലൻസിലെ സോഷ്യൽ മീഡിയ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പിഎസ് അറിയിച്ചു.



2018 ലെ ഇ-ഗവേണൻസ് വിഭാഗത്തിൽ മികച്ച മൂന്നാമത്തെ വെബ് സൈറ്റിനു ലഭിച്ച പുരസ്കാരം വിജിലൻസ് ഐ.ജി.പി. ശ്രീ. എച്ച്. വെങ്കടേഷ് ഐ.പിഎസ്, വിജിലൻസ് ആസ്ഥാനത്തെ ഇന്റലിജൻസ് വിഭാഗം പോലിസ് സൂപ്രണ്ട് ശ്രീ. ഇ.എസ്. ബിജുമോൻ എന്നിവർ ചേർന്ന് ബഹു. സംസ്ഥാന തൊഴിൽ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടിയിൽ നിന്നും ഏറ്റു വാങ്ങുന്നു. തിരുവനന്തപുരം മേയർ ശ്രീമതി. ആര്യാ രാജേന്ദ്രൻ സമീപം.